പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 442 06.02.2013 -ലെ മറുപടി

ഡീസൽ വില വർദ്ധനവും കെ.എസ്.ആർ.ടി.സി.യിലെ പ്രതിസന്ധിയും

ചോദ്യം

ശ്രീ. പി. ശ്രീരാമകൃഷ്ണൻ

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വില വർദ്ധനവിനെ തുടർന്ന് കെ.എസ്.ആർ.ടി.സി.യ്ക്ക് പ്രതിദിനം ഇന്ധന ഇനത്തിൽ എന്തു തുകയാണ് അധികമായി വേണ്ടിവരുന്നത് ; | (എ) | പ്രതിദിനം 47 ലക്ഷം രൂപയാണ് അധികമായി വേണ്ടി വരുന്നത്. |
| (ബി) | ഇതുമൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് സർവ്വീസുകൾ കുറയ്ക്കേണ്ടി വന്നിട്ടുണ്ടോ ; എങ്കിൽ എത്ര സർവ്വീസുകൾ എന്നു വിശദമാക്കാമോ; സർവ്വീസുകൾ കുറച്ചതുകൊണ്ട് പ്രതിസന്ധി മറികടക്കാൻ കഴിയുമോ ; ഇല്ലെങ്കിൽ എന്തിനാണ് സർവ്വീസുകൾ കുറച്ചത് എന്ന് വിശദമാക്കാമോ ; | (ബി) | ഇതുമൂലം കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടില്ല. |
| (സി) | കേന്ദ്ര സർക്കാരിന്റെ ഇത്തരം നയങ്ങൾ അംഗീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ; | (സി) | കെ.എസ്.ആർ.ടി.സി.യെപ്പോലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ഡീസൽ വില . വർദ്ധനവിൽ നിന്നും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 19.01.2013 -ൽ ബഹു. പ്രധാനമന്ത്രിയ്ക്കും, ബഹു. കേന്ദ്ര പെട്രോളിയം - പ്രകൃതി വാതക വകുപ്പ് മന്ത്രിയ്ക്കും, ബഹു. മുഖ്യമന്ത്രി നിവേദനം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രതിസന്ധി മറികടക്കാൻ എന്തെല്ലാം നടപടികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | നിലവിലെ പ്രതിസന്ധി മറികടക്കുന്നതിലേയ്ക്കായി സർക്കാർ 28 കോടി രൂപയുടെ ധനസഹായം കെ.എസ്.ആർ.ടി.സിക്ക് അനുവദിച്ചിട്ടുണ്ട്.<br>സിവിൽ സപ്ലൈസ് കോർപ്പറേഷൻ വക പമ്പുകളിൽ നിന്നും, സ്വകാര്യ പമ്പുകളിൽ നിന്നും കെ.എസ്.ആർ.ടി.സി ബസുകളിൽ ഡീസൽ നിറയ്ക്കുന്നതിലെ പ്രായോഗികത പരിശോ ധിച്ച് ശുപാർശകൾ മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു സമിതി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ